# ഭൂമിക

**അ**ഴിയൂർ ആയിരുന്നു വലിയ ഊര്. അഴികളുടെ ഊര് ആണത്. മയ്യഴിയാകട്ടെ നടുവിലുള്ള, മദ്ധ്യത്തിലുള്ള അഴിയാണ്. മയ്യം എന്ന വാക്കിന് മദ്ധ്യത്തിൽ എന്നർത്ഥമുണ്ട്. മയ്യം+അഴി=മയ്യഴി. അവിടെ ജനവാസവും നന്നേ കുറഞ്ഞിരുന്നു. അഴിയൂരിന്റെ ഭാഗം കൂടിയായിരുന്നു, അത്. മൂന്നു നാലു കുന്നുകൾക്കിടയിൽ ഒരു ഭാഗത്ത് പുഴവെള്ളവും മറുഭാഗത്ത് കടൽവെള്ളവും കയറിയിറങ്ങുന്ന ഒരു തുണ്ട് ഭൂമി. സ്വാഭാവികമായും അവിടെ ജനം കുറഞ്ഞിരിക്കുമല്ലൊ.

ഈ പ്രദേശത്തെയാണ് ഫ്രഞ്ചുകാർ സമ്പന്നമാക്കിയത്. മയ്യഴിയെ അവർ പുത്തൻ ഉടയാടകളണിയിച്ചു. അത് മനോഹര അഴിയായി എല്ലാവരുടെയും ആകർഷണ കേന്ദ്രവുമായി. ബ്രിട്ടീഷുകാർ രക്ഷാധികാരികളായി ചമഞ്ഞ, അഴിയൂരിനാകട്ടെ വലിയ മാറ്റങ്ങളൊന്നും അവകാശപ്പെടാനുണ്ടായിരുന്നില്ല. ബ്രിട്ടീഷുകാർക്ക് ഒരു അഴിയൂരിനെ മാത്രം ശ്രദ്ധിച്ചാൽ പോരായിരുന്നു. ഇന്ത്യയിലുടനീളം നിരവധി അഴിയൂരുകൾ സംരക്ഷിക്കേണ്ടതുണ്ടായിരുന്നു, അവർക്ക്. ഫ്രഞ്ചുകാർക്കാവട്ടെ ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്ത് മയ്യഴിയേ ഉള്ളൂ. ഫ്രഞ്ച് മേൽനോട്ടം മയ്യഴിക്കു നന്നായി കിട്ടി.

അങ്ങനെ മയ്യഴി നല്ലൊരു കുഞ്ഞിപ്പട്ടണമായി. ഈ കുഞ്ഞിപ്പട്ടണത്തിന്റെ ചരിത്രമെഴുതാനാണ് ഞാൻ ശ്രമിച്ചിട്ടുള്ളത്. ഈ ശ്രമം എത്രത്തോളം മുന്നോട്ട് പോയിട്ടുണ്ടെന്ന് വിധി പറയേണ്ടത് വായനക്കാരാണ്. മൂന്നു ദശവർഷങ്ങളിലേറെ മയ്യഴിയുമായുള്ള നിതാന്ത സമ്പർക്കം അഴിയൂർക്കാരനായ എന്നെ 'മയ്യഴിക്കാര'നാക്കിയിരിക്കുന്നു. എന്നാൽ ഞാൻ അങ്ങനെയല്ലെന്ന യാഥാർത്ഥ്യം മയ്യഴിയെ ഒരന്യനായി നോക്കിക്കാണാനും എനിക്ക് സാധിക്കുന്നു. അടുത്തുനിന്നും ദൂരെ നിന്നും അങ്ങനെ മയ്യഴിയെ നോക്കിക്കാണാനും ഈ രചനയിലൂടെ ശ്രമിച്ചിട്ടുണ്ട്.

ഇത് മയ്യഴിയുടെ സമ്പൂർണ്ണ ചരിത്രമാണ് എന്നവകാശപ്പെടുന്നില്ല. ഏതൊരു നാടിന്റെയും പൂർണ്ണ വിരാമമിട്ടുകൊണ്ടുള്ള ചരിത്രരചന അസാദ്ധ്യമാണെന്ന് ഞാൻ കരുതുന്നു. അതുകൊണ്ടുതന്നെ ഈ

ചരിത്ര രചനയും പൂർണ്ണമല്ല. ഞാൻ അറിയാത്ത, കാണാത്ത, കേൾക്കാത്ത എത്രയോ സംഭവങ്ങൾ മയ്യഴിക്കുണ്ട്. അവയൊക്കെ ശേഖരിച്ച് ചരിത്ര രചനക്ക് ഇനിയും ഉപയോഗപ്പെടുത്താവുന്നതേയുള്ളൂ.

മയ്യഴിയെക്കുറിച്ചുള്ള ചരിത്രരചന യഥാർത്ഥത്തിൽ ശ്രമകരമാണ് എന്ന് ഇപ്പോൾ പറയാതെ വയ്യ. പഴയ രേഖകൾ സൂക്ഷിച്ചുവെയ്ക്കുന്ന പതിവ് മയ്യഴിയിൽ ഇല്ല. ഉണ്ടായിരുന്ന അപൂർവ്വം രേഖകൾ പോണ്ടിച്ചേരിയിലേക്കും അവിടെനിന്ന് ഫ്രാൻസിലേക്കും ഫ്രഞ്ചുകാർ കടത്തിക്കൊണ്ടു പോയി. പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് അവ തേടിപ്പിടിക്കുക എനിക്ക്അസാദ്ധ്യവുമായിരുന്നു. എന്നിരുന്നാലും പാരീസിലെ ചിത്രകാരനായ മയ്യഴിക്കാരൻ മോഹൻകുമാർ നൽകിയ, ഇന്ത്യയിലെ ഫ്രഞ്ചു കോളണികളിലെ പഴയ രേഖകൾ പ്രതിപാദിക്കുന്ന ഫ്രഞ്ചു പുസ്തകങ്ങൾ എന്റെ രചനക്ക് അടിത്തറ ഒരുക്കിയിട്ടുണ്ട്. ആ രേഖകളിലെ പല വരികളുടേയും അർത്ഥം മലയാളത്തിൽ പറഞ്ഞുതന്നത് ഇ.സി. ജയറാം, കയനാടത്ത് രാഘവൻ, മംഗലാട്ട് ഗോവിന്ദൻ, പി.സി. മാധവൻ, പ്രൊഫ. എൻ.കെ. പത്മനാഭൻ തുടങ്ങിയവരാണ്.

മയ്യഴിയുടെ ചരിത്രമെഴുതണം എന്ന മുൻവിധിയോടെയുള്ള ഒരു സമീപനരീതി ഞാൻ സ്വീകരിച്ചിരുന്നില്ല. ഈ കുഞ്ഞിപ്പട്ടണത്തിലെ ഇംഗ്ലീഷ് സ്കൂളിൽ ഒരു വിദ്യാർത്ഥിയായി എത്തിയ ദിവസങ്ങളിൽതന്നെ മയ്യഴിയെക്കുറിച്ചുള്ളതെന്തും അറിയുക ഒരു ശീലമാക്കിയിരുന്നു. ഒരു ലഹരിയായി ഞാനതു കൊണ്ടുനടന്നു. മയ്യഴിയുടെ മുക്കിലും മൂലയിലും അലഞ്ഞു നടന്നു. ശേഖരിച്ച വിവരങ്ങൾ അപ്പപ്പോൾ നോട്ടുബുക്കിൽ കുറിച്ചിടാനും മടിച്ചില്ല. പില്ക്കാലത്തൊരു ദിവസം അവയൊക്കെ ചികഞ്ഞു നോക്കിയപ്പോൾ തോന്നി, ഞാൻ മയ്യഴിയെക്കുറിച്ച് അധികം വിവരങ്ങൾ സമ്പാദിച്ചിരിക്കുന്നു. എനിക്കുണ്ടായ സംതൃപ്തി വാക്കുകൾക്കതീതമായിരുന്നു.

ഫ്രഞ്ച് ചരിത്രകാരനായ എർണേസ്ത് ലവീസ് പറഞ്ഞു വെച്ചിട്ടുണ്ട്, മകനും അച്ഛനും മുത്തച്ഛനും പരസ്പരം കൈകോർത്തു പിടിച്ചാൽ ചരിത്രമായി എന്ന്. ഇവിടെയും തലമുറകൾ തമ്മിലുള്ള കൈകോർത്തു പിടിക്കൽ നടന്നിട്ടുണ്ട്. ഇങ്ങനെ കിട്ടിയ വിവരങ്ങളിലെ നെല്ലും പതിരും വേർതിരിച്ചെടുക്കുക മറ്റൊരു ജോലിയായിരുന്നു. അതിനും നല്ല സമയമെടുത്തു.

ഈ സത്യാന്വേഷണ യാത്രയിൽ കണ്ടുമുട്ടിയവർ നിരവധി പേരാണ്. ചിലർ മരിച്ചുപോയി. മറ്റു ചിലർ ജീവിക്കുന്നു. എല്ലാവരുടേയും പേരെടുത്തുപറയുക വിഷമമാണ്. എന്നാലും ഐ.കെ. കുമാരൻ മാസ്റ്റർ, കല്ലാട്ട് ദാമുമാസ്റ്റർ, വാഴയിൽ ഗോവി, കോട്ടായി കണാ

രൻ, ഒ.പി. രാഘവൻ, സി.പി. കുമാരൻ, എൻ.വി. ജനാർദ്ദനൻ, ആണിയിൽ അനന്തൻ, പി. ശിശുപാലൻ, പി.കെ. നാരായണൻ, വളപ്പിൽ മാധവൻ, കല്ലാട്ട് കുഞ്ഞിക്കണ്ണൻ (ദുനിയാവ്), മാതൃഭൂമി കുഞ്ഞിരാമൻനായർ, സുമതി മരയ്ക്കാൻ, പി.കെ. രാമൻ, എം. നാരായണൻ നായർ, സി.കെ. രേവതിയമ്മ, മദാം എ.ബി.ഡി. റൊസാറിയോ, കപ്യാർ ഫ്രാൻസിസ്, കോട്ടായി നാരായണൻ, ഈങ്ങയിൽ പീടികയിലെ വി. കുമാരൻ, പൊയിത്തായ ഗോപി, മുസ്യെ കുനീൽ കുമാരൻ, മുസ്യെ ചേനോത്ത്, മൂപ്പന്റെ ബംഗ്ലാവിലെ ശിപായിമാരായ കളത്തിൽ കണാരി, എളമ്പാളി ചന്ദ്രൻ തുടങ്ങിയവരുടെ പേരുകൾ ഓർമ്മിക്കട്ടെ.

എഴുത്ത് പൂർത്തിയാക്കിയ ശേഷം, അത് അച്ചടിമഷി കാണാനും നീണ്ട സമയമെടുത്തിട്ടുണ്ട്. കയ്യെഴുത്തുപ്രതി അധികമാരും കാണാതെ സൂക്ഷിച്ചുവെച്ച് ഞാൻ സ്വപ്നം കാണാൻ തുടങ്ങി എന്നു പറയുന്നതാവും ശരി. അതും നല്ലൊരനുഭവമായിരുന്നു. രാത്രി എന്നും വളരെ വൈകി മയ്യഴിയിൽ നിന്ന് എന്റെ ഗ്രാമത്തിലേക്ക് തിരിച്ചുചെല്ലുമ്പോൾ, നിരത്തും ഇടവഴികളും വിജനമാകുമ്പോൾ, എന്റെ പുസ്തകത്തെക്കുറിച്ച് എന്നോട് തന്നെ 'വർത്താനം' പറയുക ഒരു ശീലമായിരുന്നു. പല ദിവസങ്ങളിലും ഈ സംവാദം ഉച്ചത്തിൽ പോലുമായിരുന്നു എന്നു സംശയം.

ഒടുവിലിതാ 'മയ്യഴി' പ്രകാശിതമായിരിക്കുന്നു. ഇതിന് ദൃശ്യഫിലിം സൊസൈറ്റിയുടേയും ഉസ്മാൻ സ്മാരക് കോളേജിന്റെയും പ്രവർത്തകരോടുമുള്ള കടപ്പാടുകൾ എത്രയോ വലുതാണ്. വാക്കുകൾക്ക് അതീതവും. കയ്യെഴുത്തുപ്രതി ആദ്യം വായിച്ച് വിരസതയില്ലാതെ വായിച്ചുപോകാമെന്ന അഭിപ്രായം പറഞ്ഞത് എം. രാഘവനാണ്. എം. മുകന്ദൻ അവതാരികയും എഴുതിത്തന്നു. പഴകിയും ചിതൽ തിന്നും നഷ്ടപ്പെട്ടുപോകുമായിരുന്ന ചിത്രങ്ങൾ റീകോപ്പി ചെയ്തുതന്നത് മയ്യഴി ഭാസ് ഫോട്ടോസ് രാജനാണ്. മേപ്പുകൾ ആകർഷമായി വരച്ചുതന്നത് മയ്യഴി പി.ഡബ്ള്യു.ഡിയിലെ പ്രദീപും. പല അവസരങ്ങളിലായി സഹകരിച്ചവർ ഇനിയുമെത്രയോ ഉണ്ട്.

എല്ലാവർക്കുമായി അച്ചടി മഷിയിൽ നന്ദി എന്ന രണ്ടക്ഷരമെഴുതി കടപ്പാടുകൾക്ക് പൂർണ്ണവിരാമമിടാൻ ആഗ്രഹിക്കാത്തതുകൊണ്ട്, അതൊരു തീവ്രവികാരമായി ഭദ്രമായി ഞാൻ മനസ്സിൽ തന്നെ സൂക്ഷിച്ചുവെക്കട്ടെ; ഇനിയും എപ്പോഴും എടുത്തുപയോഗിക്കുന്നതിന് വേണ്ടി.

*സി.എച്ച്. ഗംഗാധരൻ*